45

# ഒരു സമ്പ്രദായം മോശമാകുന്നത് എപ്പോൾ?

## മത്താ. 15:7-20; മർക്കൊ. 7:6-8, 14-23, ഒരടുത്ത നോട്ടം

കഴിഞ്ഞ പ്രസംഗത്തിൽ, "സമ്പ്രദായം" എന്ന വാക്കിന്റെ അടിസ്ഥാന അർത്ഥം "കൈമാറി കിട്ടിയത്" എന്നാണെന്നു നാം കാണുകയുണ്ടായി. അതിനെ ദൈവത്തിൽനിന്നു കൈമാറുന്നതിനെ സൂചിപ്പിച്ചും പറയാവുന്നതാണ്, പക്ഷെ സാധാരണ മനുഷ്യരിൽ നിന്നു കൈമാറി കിട്ടിയതിനെയാണ് അതു സൂചിപ്പിക്കുന്നത്. ആചാരം മനുഷ്യരിൽ നിന്ന് തുടങ്ങിയതുകൊണ്ടു അതു മോശമായിരുന്നില്ല എന്നു നാം കണ്ടുവല്ലോ. എങ്ങനെയായാലും, മത്തായി 15-ലേയും മർക്കൊസ് 7-ലേയും യേശുവിന്റെ ശക്തമായ വാക്കുകൾ തെളിയിക്കുന്നത് സമ്പ്രദായങ്ങൾ തെറ്റുവാൻ, വളരെ സാധ്യതയുണ്ടെന്നാണ്. ഒരു സമ്പ്രദായം മൂന്നു രീതിയിലാണ് തെറ്റാകുന്നതെന്ന് നമ്മുടെ വേദഭാഗം വെളിപ്പെടുത്തുന്നു. ആദ്യത്തേതു നാം ചർച്ച ചെയ്തു കഴിഞ്ഞു: *വെളിപ്പെടുത്തിയ ദൈവകല്പനയെ*[1] *ലംഘിക്കുമ്പോഴാണ് ഒരു സമ്പ്രദായം തെറ്റാകുന്നത്.* മറ്റു രണ്ടു രീതികൾ നാം ഈ അവതരണത്തിൽ കാണും. നാം അങ്ങനെ ചെയ്യുമ്പോൾ, നമ്മൾ ഓരോരുത്തരും അവനവനെ ത്തന്നെ ശോധന ചെയ്യണം (2 കൊരിന്ത്യർ 13:5)!

### സമ്പ്രദായം[2] മറ്റുള്ളവരിൽ അടിച്ചേല്പിക്കുമ്പോൾ അതു തെറ്റാകുന്നു (മത്താ. 15:7-9; മർക്കൊ. 7:6-8)

ക്രിസ്തു പരീശന്മാരോട് സംസാരിച്ച വാക്കുകൾ, അവരെ ചൂണ്ടുന്നതായിരുന്നു: "കപടഭക്തിക്കാരേ, നിങ്ങളെക്കുറിച്ച് യെശയ്യാവ് പ്രവചിച്ചതു ഒത്തിരിക്കുന്നു: 'ഈ ജനം അധരംകൊണ്ടു എന്നെ ബഹുമാനിക്കുന്നു, എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ടു, എന്നെ വ്യർത്ഥമായി ഭജിക്കുന്നു'" (മത്തായി 15:7-9). യെശയ്യാവ് 29:13-ൽ നിന്നാണ് ആ ഉദ്ധരണി. ആ വേദഭാഗത്ത്, യെശയ്യാവു പറഞ്ഞത് അക്കാലത്തെ കപടഭക്തിക്കാരെ കുറിച്ചായിരുന്നു. ആ ദൈവശ്വാസിയ വാക്കുകൾ തന്റെ കാലത്തെ മതാദ്ധ്യക്ഷന്മാരെയും ബാധിക്കുന്നതാണെന്ന് യേശു പറഞ്ഞു.

യെശയ്യാവിന്റെ വാക്കുകളിൽ നിന്നു പല വിധത്തിലുള്ള പാഠങ്ങൾ നമുക്ക് എടുക്കുവാൻ കഴിയും: "അധരസേവ" മാത്രം പോരാ; നാം കർത്താവിനെ അനുസരിക്കുന്നതു ഹൃദയത്തിൽനിന്നായിരിക്കണം (മത്തായി 22:37; റോമർ 6:17; എഫെസ്യർ 6:6; കൊലൊസ്യർ 3:16; 2 കൊരിന്ത്യർ 9:7). സ്വർഗീയ-അധികാരത്താലല്ലാത്തതും നമ്മുടെ ഹൃദ

യത്തിൽ–നിന്നു വരാത്തതുമായ ആരാധന "വ്യർത്ഥം" (പൊള്ള യായതു[3]) ആണെന്നു നാം കണ്ടു കഴിഞ്ഞു. നമ്മുടെ ഈ ചർച്ചയിൽ, ആ ഉദ്ധാരണ ത്തിന്റെ അവസാനഭാഗത്തിലാണ് ഞാൻ ശ്രദ്ധ ചെലുത്തുവാനാഗ്രഹിക്കുന്നത്: അവർ ''മാനുഷകല്പനകളായിരുന്നു പഠിപ്പിച്ചിരുന്നത്.'' അവർ ''മാനുഷകല്പനകളെ'' *ദൈവത്തിന്റെ* ''ഉപദേശം'' എന്ന പോലെ പഠിപ്പിച്ചിരുന്നു എന്നാണ് സന്ദർഭം വ്യക്തമാക്കുന്നത്. പരീശന്മാർക്ക് അവരുടെ സമ്പ്രദായങ്ങൾ വലുതായിരുന്നതുപോലെ, അവ കർത്താവിന്റേതല്ല, *മനുഷ്യരുടേതാ*ണെന്നു അവർ മനസിലാക്ക ണമെന്നു കർത്താവ് ആഗ്രഹിച്ചു.

**കല്പനകൾ പോലെ കെട്ടപ്പെട്ട സമ്പ്രദായങ്ങൾ**

ഓരോ ആഹാരത്തിനു മുൻപും പരീശന്മാർ കഴുകൽ വിപു ലമാക്കിക്കൊണ്ടു പോകുന്നതിനെ യേശു ഖണ്ഡിക്കുകയായിരുന്നുവോ? അല്ല, അവർ തങ്ങളുടെ അനാവശ്യ ചടങ്ങുകൾക്ക് സമയം പാഴാക്കുവാനാണ് ആഗ്രഹിച്ചതെങ്കിൽ, അതവരുടെ കാര്യമായിരുന്നു. യേശു പരീശന്മാരെ ശാസിച്ചത് അവരുടെ പരിശീലനം നിമിത്തമായി രുന്നില്ല, പിന്നെയോ അവർ അതു മറ്റുള്ളവരിൽ അടിച്ചേല്പിക്കുന്ന തിനെയായിരുന്നു. ദൈവികകല്പനകൾക്ക് തുല്യമായി പരീശന്മാർ തങ്ങളുടെ സമ്പ്രദായങ്ങളെ ഉയർത്തിയിരുന്നു. മനുഷ്യർ തങ്ങളുടെ സമ്പ്രദായങ്ങൾ പാലിക്കേണ്ട*താണെന്നു* അവർ പഠിപ്പിച്ചു. അവ അനുസരിക്കാതിരുന്നവരെ അവർ കുറ്റപ്പെടുത്തിയിരുന്നു. ഇതുപോലെ ഉള്ള രണ്ടാമത്തെ രീതി നമുക്ക് നോക്കാം: *ഒരു സമ്പ്രദായം മോശമാകുന്നത് അതു മറ്റുള്ളവരിൽ അടിച്ചേല്പിക്കുമ്പോഴാണ്.*

ചുരുങ്ങിയത് തത്വത്തിൽ അത്തരം പരിശീലനം തെറ്റാണെന്നു, എല്ലാവർക്കും കാണുവാൻ കഴിയും. ഒഴിവു ദിവസങ്ങളെ സംബ ന്ധിച്ചും ആഘോഷങ്ങളെ സംബന്ധിച്ചും, വർഷങ്ങളായി എന്റെ കുടുംബത്തിനു ഞങ്ങളുടേതായ (പ്രത്യേക?) പാരമ്പര്യമുണ്ട്. അവ ഞങ്ങൾക്ക് ഇഷ്ടമാണ്, അതു ഞങ്ങൾ ആരാണെന്നു നിർവ്വചിക്കുന്നു. തീർച്ചയായും, അവ ഞങ്ങൾ ആരിലും അടിച്ചേല്പിക്കാറില്ല. നമ്മുടെ കുടുംബ പാരമ്പര്യം മറ്റുള്ളവർ പാലിക്കാത്തതിനാൽ അവരെ കുറ്റപ്പെടുത്തുന്നത്, ചുരുക്കിപ്പറഞ്ഞാൽ വിഡ്ഢിത്തമാണ്.

നമ്മുടെ മതപരമായ പാരമ്പര്യങ്ങൾ മറ്റുള്ളവരിൽ അടിച്ചേല്പിക്കുന്നതു തെറ്റാണെന്നു യേശു വ്യക്തമായി പഠിപ്പിച്ചു. നാം ഈ തത്വം *പ്രായോഗിക*മാക്കുവാൻ ശ്രമിക്കുമ്പോഴാണ് വിവാദം ഉയരുന്നത്. ആളുകൾ സാധാരണ ''മുൻപു ചെയ്തുകൊണ്ടിരുന്നതിൽ'' ആശ്വാസം കണ്ടെത്തുന്നവരാണ്, എപ്പോഴും അങ്ങനെ തന്നെ ആയിരി*ക്കണം* കാര്യങ്ങൾ എന്നു നാം ചിന്തിച്ചുപോകും. എങ്കിലും, മാറ്റുവാൻ കഴിയുന്നതും (ദൈവഹിതം നടപ്പാക്കുന്ന രീതി) മാറ്റുവാൻ കഴിയാത്തതും (വെളിപ്പെടുത്തിയ ദൈവഹിതം) ആയവയുടെ വ്യത്യാസം നാം മനസി ലാക്കണം.

ആരാധനാമേഖലയിൽനിന്നു[4] ചിത്രീകരണങ്ങൾ മനസിലേക്ക് വരുന്നു: ഞാൻ പ്രസംഗിച്ച മിക്ക ഇടവകകളിലും പാട്ടുപുസ്തകം ഉപയോഗിച്ചിരുന്നു. അതുകൊണ്ട് മറ്റൊരു ഇടവകയിൽ പാട്ട് പ്രൊജക്റ്റർ മുഖേന സ്ക്രീനിൽ കാണിച്ചു പാടുന്നതിനെ ഞങ്ങൾക്ക് കുറ്റപ്പെടുത്താമോ?[5] ഞാൻ

എവിടെയെല്ലാം ആരാധിച്ചിരുന്നുവോ, അവിടെയെല്ലാം ഞായറാഴ്ച്ച രാവിലെ ആരാധനയുടെ ഭാഗമായി ഒരു പ്രസംഗം ഉണ്ടാകുമായിരുന്നു. കർത്തൃമേശ ആചരിക്കുകയും,[6] പ്രാർത്ഥിക്കുകയും പാട്ടു പാടുകയും തിരുവെഴുത്തു വായിക്കയും മാത്രം ചെയ്തു, ആരാധിക്കുന്നതു തെറ്റാണോ? ഞാൻ സന്നിഹിതനായിരുന്ന എല്ലാ ഇടവകകളിലും സഭാമന്ദിരത്തിൽ വൈകുന്നേരം ആരാധനയുണ്ടായിരുന്നു. മറ്റു ഇടവകകൾ സഭാ മന്ദിരത്തിൽ വരാതെ വീടുകളിൽ ആരാധിച്ചാൽ, അതു വചന വിരുദ്ധമാകുമോ?[7] "അതു പ്രായോഗികമാണോ?'' എന്നല്ല, ഞാൻ ചോദിച്ചത്, ''അതു വചനവിരുദ്ധമാണോ?"

അടിസ്ഥാനപരമായ ആരാധനാമാതൃക പുതിയനിയമത്തിൽ നല്കിയിട്ടുണ്ട്, എന്നാൽ പല വിശദാംശങ്ങളും നമ്മുടെ തീരുമാനങ്ങൾക്ക് വിട്ടുതന്നിരിക്കയാണ്. തിരുവെഴുത്തിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു യോജിച്ച വിധത്തിൽ സമീപനങ്ങൾ വളർത്തിയെടുക്കുവാൻ, വർഷങ്ങളായി ഇടവകകൾ ശ്രമിച്ചിട്ടുണ്ട്. അതിൽ തെറ്റൊന്നുമില്ല, എന്നാൽ *ദൈവത്തിൽ* നിന്നു കൈമാറി കിട്ടിയതും (ദൈവിക മാതൃക) *മനുഷ്യരിൽ*നിന്നു കൈമാറി കിട്ടിയതും (ദൈവിക മാതൃക[8] നടപ്പാക്കുന്ന നമ്മുടെ രീതി) തമ്മിലുള്ള വ്യത്യാസം മനസിലാക്കുവാൻ നാം ശ്രദ്ധിക്കണം.

ഓക്ലഹോമയിലെ, മുസ്ക്കോജിയിൽ ഉള്ള വെസ്റ്റ് സൈഡ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ എന്റെ കുടുംബം പ്രവർത്തിച്ചിരുന്നപ്പോൾ ചാൾസ് കെല്ലി എന്ന പാട്ടുനയിക്കുന്ന ഒരാൾ ഞങ്ങൾക്കുണ്ടായിരുന്നു, അയാൾ ആരാധനയുടെ ക്രമം ചിലപ്പോൾ മാറ്റിയിരുന്നു. ഉദാഹരണത്തിനു, കർത്തൃമേശ ചിലപ്പോൾ ആരംഭത്തിലോ അല്ലെങ്കിൽ അവസാനമോ ആകും. ചിലപ്പോൾ, കർത്തൃമേശയുടെ സമയത്ത് ധർമ്മശേഖര മെടുക്കും സാധാരണ[9] കർത്തൃമേശക്ക് ശേഷമാണ് അതെടുത്തിരുന്നത്. ഒരു ഞായറാഴ്ച്ച കർത്തൃമേശയ്ക്കു ശേഷം ധർമ്മശേഖരം എടുക്കാതിരുന്നപ്പോൾ, ഒരു സന്ദർശക പെട്ടെന്നു ആരാധനയിൽ നിന്ന് എഴു ന്നേറ്റ് പോയി. പോകുമ്പോൾ പുറത്തു നിന്ന ഒരോളോട്, ആ സ്ത്രീ പറഞ്ഞു, "എന്തൊരു അസാധാരണ കൂട്ടത്തിലാണ് ഞാൻ വന്നത്?" സ്പഷ്ടമായും, ആരാധനക്ക് "വചന പ്രകാരം ഒരു ക്രമമുണ്ട്,"[10] അതിൽനിന്നു വിട്ടുമാറുന്നത് ''വചനവിരുദ്ധമാണ്'' എന്നായിരുന്നു അവൾ വിശ്വസിച്ചിരുന്നത്.

ഈ അടിസ്ഥാന തത്വങ്ങൾക്കു കൂടുതൽ ഊന്നൽ കൊടുക്കുവാൻ എനിക്ക് സാധ്യമല്ല: ദൈവകല്പനയെയും മാനുഷസമ്പ്രദായങ്ങളെയും വേർതിരിച്ചുകാണേണ്ടത് അത്യാവശ്യമാണ്; മനുഷ്യരുടെ സമ്പ്രദായങ്ങൾ മറ്റുള്ളവരിൽ അടിച്ചേല്പിക്കുന്നതും തെറ്റാണ്. ഇതുവരെയും പറഞ്ഞതു സമ്മതിക്കുന്നു എന്നു വിചാരിച്ചുകൊണ്ട്, ചോദിക്കാവുന്ന നിർണ്ണായക ചോദ്യം ഇതാണ് ''മനുഷ്യരുടെ സമ്പ്രദായങ്ങളെ നാം എങ്ങനെ ദൈവകല്പനയിൽ നിന്നു വേർതിരിച്ചറിയും?"

### കൽപനകളിൽനിന്നു സമ്പ്രദായങ്ങളെ വേർതിരിച്ചറിയൽ

കൂടുതൽ കൂടുതൽ, "പാരമ്പര്യം" എന്ന വാക്കിനെ കുറച്ചുകാലം നില നിന്നിരുന്ന ഏതിലും പ്രായോഗികമാക്കുവാൻ കഴിയുന്നതായാണ് ഞാൻ മനസ്സിലാക്കുന്നത് – അതു പഴയതും കാലഹരണപ്പെട്ടതും ആണെന്നും, പ്രാധാന്യമില്ലാത്തതാണെന്നും, അതുകൊണ്ടു അശുദ്ധമായി അതിനെ അവ

ഗണിക്കാമെന്നും ഉള്ള അർത്ഥമാണ് അതിൽ ഉൾക്കൊണ്ടിരിക്കുന്നത്. ഉദാഹരണത്തിനു, "പാരമ്പര്യ കുടുംബം"[11] (അതായത് ഒരു കുടുംബത്തിലെ, അപ്പൻ, അമ്മ, മക്കൾ) എന്ന പ്രയോഗം ഞാൻ കേട്ടിട്ടുള്ളതു തരംതാഴ്ത്തുന്ന വിധത്തിൽ ഉപയോഗി ക്കുന്നതായിട്ടാണ്. ബൈബിളിൽ വിശ്വസിക്കുന്നവർക്ക്, പ്രധാനപ്പെട്ട ചോദ്യം "അത് നിലവിൽ വന്നിട്ട് എത്ര കാലമായി?" എന്നല്ല പിന്നെയോ ''അതു സ്വർഗത്തിൽനിന്നാണോ അതോ മനുഷ്യരിൽ നിന്നാണോ?" (മത്തായി 21:25).

വിശ്വസ്തരായ ക്രിസ്തുവിന്റെ സഭയുടെ ചില ഇടവകകൾ മറ്റു ചില ഇടവകകളെ അവർ വിശ്വസിക്കുന്നതും പരിശീലിക്കുന്നതും "പാരമ്പര്യ നില പാട്" എന്നപോലെ തള്ളിക്കളഞ്ഞു, നിരാശയോടെ "പാര മ്പര്യസഭകൾ" എന്നു വിളിക്കാറുള്ളതു കേൾക്കുമ്പോൾ എനിക്കു ദുഃഖം തോന്നാറുണ്ട്. ഈ ലേബലിടുന്നവർ ആ സഭകൾ ചെയ്യുന്നത് *എല്ലാം* "പാരമ്പര്യ" മുള്ളവയായി പറയുന്നു – വിശ്വാസ കാര്യമാണെങ്കിലും അഭിപ്രായകാര്യമാണെങ്കിലും അതിലൊന്നിനും അവർ വലിയ വ്യത്യാസം കാണുന്നില്ല.

മുൻകാലങ്ങളിൽ സഭയിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങ*ളെല്ലാം*, മൊത്തത്തിൽ അപ്രധാനമായ അഭിപ്രായങ്ങളിലധിഷ്ഠിതമായിരുന്നു എന്ന് പ്രാസംഗികന്മാർ യോജിച്ചു വിലയിരുത്തിയിട്ടുണ്ട്. പുറകോട്ട് നോക്കിയാൽ, ചില വാദഗതികൾ അനാവശ്യമായിരുന്നു എന്നു തോന്നുന്നു, എന്നാൽ സഭ നേരിട്ട എല്ലാ പ്രശ്നങ്ങളും അഭിപ്രായ ഭിന്നതയാണെന്ന വിധത്തിൽ തള്ളിക്കളയുന്നത് ശരിയാണോ? ആദ്യസഭക്ക് ഭീഷണി ഉയർത്തിയ യഹൂദ മതത്തിന്റേയും തത്വജ്ഞാനത്തിന്റേയും പ്രശ്നങ്ങളെ ക്രിസ്ത്യാനികൾ വില കുറച്ച് കണ്ടതിനോട് ദൈവശ്വാസീയ എഴുത്തുകാർ എങ്ങനെ പ്രതികരിച്ചു?

നമുക്ക് ഇതു സമ്മതിക്കാം: മനുഷ്യ–നിർമ്മിത സമ്പ്രദായം മറ്റുള്ളവരിൽ അടിച്ചേല്പിക്കുമ്പോൾ അതു മോശമാകുന്നു. കാലപ്പഴക്കം നോക്കി ഏതൊരു വിശ്വാസത്തെയോ പരിശീലനത്തെയോ സ്വാഭാവികമായ "സമ്പ്രദായമാണെന്നു" കരുതി മായ്ച്ചുകളയാവുന്നതല്ല എന്നതിലും നമുക്ക് യോജിക്കാം.

ദൈവത്തിന്റെ കല്പനകളെയും മനുഷ്യരുടെ സമ്പ്രദായങ്ങളേയും എങ്ങനെ തിരിച്ചറിയാമെന്നതാണ് സങ്കീർണ്ണമായ ചോദ്യം എന്നു ഞാൻ മുൻപു പറഞ്ഞുവല്ലോ. ആ ചോദ്യത്തിനുള്ള ഉത്തരം നിങ്ങൾക്കറിയാം, അതു ഞാൻ ഈ പ്രസംഗത്തിൽ പല പ്രാവശ്യം സൂചിപ്പിച്ചു കഴിഞ്ഞു: നാം വിശ്വസിക്കുന്നതും, പഠിപ്പിക്കുന്നതും എല്ലാം, *തിരുവെഴുത്തു പഠിപ്പിക്കുന്നതിന്റെ വെളിച്ചത്തിൽ* പരിശോധിക്കണം. ഇതല്ല ചോദ്യം "നാം അതു എപ്പോഴും എങ്ങനെ ചെയ്തു?" തീർച്ചയായും ചോദ്യം ഇങ്ങനെയു മല്ല "നമുക്ക് അത് എങ്ങനെ ചെയ്യുവാനാണ് *താല്പര്യം?*" എന്നാൽ ചോദ്യം ഇതാണ് "അവന്റെ ഹിതം വെളിപ്പെടുത്തിയിരിക്കുന്നതിൽ ദൈവം എന്താണ് പഠിപ്പിക്കുന്നത്?" (പ്രവൃ ത്തികൾ 17:11 നോക്കുക). നമുക്ക് യേശുവിന്റെ പദപ്രയോഗം കടമെടുക്കാം (മത്തായി 21:25): ഒരു ഉപദേശമോ പരിശീലനമോ "സ്വർഗ ത്തിൽനിന്നും" ആണെങ്കിൽ, അതു ഓരോ ക്രിസ്ത്യാനിയിലും കെട്ട പ്പെട്ടിരിക്കും. അതു ''മനുഷ്യരിൽനിന്നും'' ആണെങ്കിൽ, മറ്റുള്ളവരിൽ അടിച്ചേല്പിക്കുന്ന കുറ്റം നമ്മിൽ വരുവാൻ പാടില്ല.

ഈ ഉത്തരം ഞാൻ നൽകിയതുകൊണ്ടു, "പാരമ്പര്യമായത്" എന്താണ് എന്നതിനെയും എന്തല്ല എന്നതിനെയും കുറിച്ചുള്ള എല്ലാ വാദത്തിനും ഉള്ള

ഉത്തരം ഞാൻ നൽകിയോ? ചോദിക്കാവുന്ന എല്ലാ ചോദ്യങ്ങൾക്കും ഞാൻ ഉത്തരം നൽകിയോ? ഇല്ല ഇല്ല. ക്രിസ്ത്യാനികളോട് അതിരു കവിയുന്നതു ഒഴിവാക്കുവാൻ നിർദ്ദേശിക്കുക എന്നതാണ് എന്റെ ലക്ഷ്യം. നമ്മുടെ പാരമ്പര്യം മറ്റുള്ളവർക്ക് ഇഷ്ടമില്ലാതിരിക്കെ, നമുക്ക് അവരെ അടിച്ചേല്പിക്കാതിരിക്കാം. അതേസമയം, വർഷങ്ങളായി ആചരിച്ചു വരുന്നു എന്നതിന്റെ പേരിൽ മതപരമായ ഒരു ഉപദേശത്തെയോ പരിശീലനത്തെയോ "പാരമ്പര്യം" എന്ന രീതിയിൽ ഉപേക്ഷിക്കയുമരുത്. എങ്ങനെയായാലും, പുതിയ നിയമം നൂറ്റാണ്ടുകളായി നിലനിൽക്കുന്നതാണ്. മതപരമായ ഉപദേശമായിട്ടോ പരിശീലനമായിട്ടോ എന്തെങ്കിലും സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നതിനു *ദൈവവചനത്തെ* നമുക്ക് നിലവാരമായി എടുക്കാം.

ദൈവത്തിൽനിന്നുള്ള ഈ സന്ദേശം, യോശുവ അനേക വർഷ ങ്ങൾക്ക് മുൻപ് നല്കി: "എന്റെ ദാസനായ മോശെ നിന്നോട് കല്പി ച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ചു നടക്കേണ്ടതിന്നു; നല്ല ഉറപ്പും ധൈര്യവുമുള്ളവനായി മാത്രം ഇരിക്ക; ചെല്ലുന്നേടത്തൊ ക്കെയും നീ ശുഭമായിരിക്കേണ്ടതിന്നു, അതു വിട്ടു ഇടത്തോട്ടോ വല ത്തോട്ടോ മാറരുത്" (യോശുവ 1:7; കൂടാതെ 23:6 ഉം നോക്കുക). "വല ത്തോട്ട്" മാറുക എന്നാൽ ദൈവം കെട്ടിയിട്ടില്ലാത്തു (മനുഷ്യനിർമ്മിത പാരമ്പര്യം) കെട്ടുകയെന്നും "ഇടത്തോട്ട്" മാറുക എന്നാൽ ദൈവം കെട്ടിയതിനെ (വെളിപ്പെടുത്തിയ തന്റെ ഹിതം) അഴിക്കുക എന്നുമാണെന്നു പറയാം. രണ്ടറ്റവും ഒഴിവാക്കുവാൻ നമുക്ക് നമ്മുടെ ഹൃദയങ്ങളെ ഒരുക്കാം. പുതിയനിയമത്തിലെ യേശുവിന്റെ ഉപദേശങ്ങളെ "എല്ലാം അങ്ങനെ തന്നെ അനുസരിക്കുവാൻ" നമുക്ക് തീരുമാനിക്കാം!

നമുക്ക് ആ വിഷയത്തോടെ അവസാനിപ്പിക്കാം – പക്ഷെ ക്രിസ്തു തന്റെ ചർച്ച അവസാനിപ്പിക്കുന്നില്ല. മനുഷ്യ സമ്പ്രദായങ്ങളെ കുറിച്ച് ചുരുങ്ങിയതു ഒരു പോയിന്റു കൂടെ അവൻ നല്കുന്നുണ്ട്. ആ സത്യം അത്ര വ്യക്തമല്ല എങ്കിലും പ്രാധാന്യമുള്ളതാണ്. മുൻപു പറഞ്ഞ രണ്ടു രീതികൾക്കുവേണ്ടത്ര ആത്മീയ അന്വേഷണം ഇതിനും ആവശ്യമാണ് – ഒരുപക്ഷെ അതിലും കൂടുതൽ ആവശ്യമായേക്കാം.

### ശരിയല്ലാത്ത പ്രാധാന്യം കൊടുക്കുമ്പോൾ ഒരു സമ്പ്രദായം മോശമാകുന്നു (മത്താ. 15:10-20; മർക്കൊ. 7:14-23)

യേശുവും പരീശന്മാരും തമ്മിലുള്ള ആശയവിനിമയം രഹസ്യ മായിരുന്നില്ല. കഠിനഹൃദയരായ മതാദ്ധ്യക്ഷന്മാരുടെ മുമ്പിൽ അവനും തന്റെ ശിഷ്യന്മാരും പ്രതിരോധിക്കുവാൻ പോയില്ല, എന്നാൽ കേട്ടിരുന്നവർക്ക് വിശദീകരണം നൽകുവാൻ അവൻ തയ്യാറായി. അടി സ്ഥാനപരമായി ഉയർന്ന പ്രശ്നത്തെക്കുറിച്ചു അവൻ പ്രസംഗിച്ചതിനെ മർക്കൊസ് ഒറ്റ വാക്യത്തിൽ ചുരുക്കിയിരിക്കുന്നു:

> പിന്നെ അവൻ പുരുഷാരത്തെ, അരികെ വിളിച്ചു അവരോടു, "എല്ലാവരും, കേട്ടു, ഗ്രഹിച്ചുകൊൾവിൻ: പുറത്തുനിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ

കഴികയില്ല; അവനിൽനിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധ മാക്കുന്നതു" (മർക്കൊസ് 7:14, 15).

മറ്റു കാര്യങ്ങളിൽ, ഓരോ ഭക്ഷണത്തിനും മുമ്പുള്ള കഴുകലിനെ കുറിച്ചുള്ള നിയമാവലികൾ യുക്തി-രഹിതമാണെന്നാണ് യേശു പഠിപ്പിച്ചത്. വാസ്തവത്തിൽ, കൈകഴുകാതെ[12] ഭക്ഷിക്കുന്ന ആഹാരം ഉൾപ്പെടെ, മനുഷ്യന്റെ അകത്തേക്ക് പോകുന്നതല്ല, അവനെ അശുദ്ധമാക്കുന്നത് (മത്തായി 15:20). മറിച്ച്, അവനെ അശുദ്ധമാക്കുന്നത് അവന്റെ ഉള്ളിൽ നിന്നു പുറപ്പെടുന്നതാണ് - അതായതു, ഒരു വ്യക്തിയുടെ വാക്കുകളും പ്രവൃത്തികളും.

കഴുകൽ ചടങ്ങുകളെ കുറിച്ചുള്ള ചോദ്യത്തിനപ്പുറമായിട്ടുള്ളതായിരുന്നു ക്രിസ്തുവിന്റെ പ്രസ്താവന എന്നാണ് സൂചിപ്പിക്കുന്നത്. ക്രിസ്തു പറഞ്ഞതിൽനിന്നു മർക്കൊസ് ഒരു തീർപ്പ് നല്കുന്നു: "അങ്ങനെ സകല ഭോജ്യങ്ങളെയും ശുദ്ധി വരുത്തുന്നു''[13] (മർക്കൊസ് 7:19). പുതിയനിയമോപദേശം പരിചയമുള്ള നമുക്ക് അറിയാം ക്രിസ്തു വിന്റെ കാലത്തെ സദസിനു അതെത്ര പ്രയാസമായിരുന്നു എന്ന്. എന്തു ഭക്ഷിക്കണം എന്തു ഭക്ഷിക്കരുത് എന്നു ന്യായപ്രമാണത്തിൽ പറഞ്ഞിട്ടുള്ളത് (ലേവ്യാപുസ്തകം 11) ജനനം മുതൽ അവരുടെ മനസിൽ പതിഞ്ഞിരിക്കും (പ്രവൃത്തികൾ 10:14 നോക്കുക). ക്രിസ്തുവിന്റെ വാക്കുകൾ ഞെട്ടിപ്പിക്കുന്നതായിരുന്നു, അവനും തന്റെ ശിഷ്യന്മാരും തനിച്ചിരിക്കുമ്പോൾ, പത്രൊസ് അവനോട് "ആ ഉപമ ഞങ്ങൾക്കു തെളിയിച്ചു തരേണം'' എന്നു പറഞ്ഞു (മത്തായി 15:15). ''ഉപമ'' എന്ന വാക്ക് ഉപയോഗിച്ചതിൽനിന്നു ക്രിസ്തുവിന്റെ പ്രസ്താവന അക്ഷരികമായി എടുക്കേണ്ടതല്ല എന്നു പത്രൊസ് വിചാരിച്ചിരിക്കണം![14]

യേശു ഒരുപക്ഷെ തല ആട്ടിക്കൊണ്ടായിരിക്കാം ഇങ്ങനെ പറഞ്ഞത്, "ഇങ്ങനെ നിങ്ങളും ബോധമില്ലാത്തവരോ?" (മർക്കൊസ് 7:18). പുരുഷാരം മനസിലാക്കാതിരുന്നപ്പോൾ അവൻ അത്ഭുതപ്പെട്ടില്ല, പക്ഷെ അവന്റെ ശിഷ്യന്മാർക്കെങ്കിലും അല്പം ഉൾക്കാഴ്ച്ച കാണുമെന്നു അവൻ വിചാരിച്ചിരിക്കാം. എങ്കിലും, അവൻ ക്ഷമയോടെ അതു വിവരിച്ചു പറഞ്ഞു, "പുറത്തുനിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും, അവനെ അശുദ്ധമാക്കുവാൻ കഴികയില്ല എന്നു തിരിച്ചറിയുന്നില്ലയോ? അതു അവന്റെ ഹൃദയത്തിൽ അല്ല, വയറ്റിലത്രേ ചെല്ലുന്നത്, പിന്നെ മറപ്പുരയിലേക്കു പോകുന്നു" (മർക്കൊസ് 7:18, 19). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഭക്ഷിക്കുന്നതും പുറത്തു കളയുന്നതും മനുഷ്യന്റെ ധാർമ്മിക മൂല്യവുമായി ബന്ധമൊന്നുമില്ലാത്ത സ്വാഭാവിക നടപടിയുടെ ഒരു ഭാഗമാണ്.

ഇവിടെ ഒരു മുന്നറിയിപ്പ് വാക്ക് ഉചിതമാണ്. ആർ. സി. ഫോസ്റ്റർ എഴുതി, "സ്വയം-നശിപ്പിക്കുന്ന ചിലതിനോടു ഈ തത്വം പ്രായോഗികമാക്കിയാൽ അതു തല തിരിഞ്ഞ ഫലമുളവാക്കുമെന്നോർക്കുക, ഉദാഹരണമായി ലഹരി പിടിപ്പിക്കുന്ന മദ്യം അല്ലെങ്കിൽ ഏതെങ്കിലും വിഷം."[15] ഉപദ്രവകരമാകാൻ *സാധ്യത*യുള്ളതാണ് വായിലേക്കു കടക്കുന്ന ചില വസ്തുക്കൾ. പലപ്പോഴും മാതാപിതാക്കൾ കൊച്ചു കുട്ടിക ളോട് പറയാറുണ്ട്, "അതു വായിൽ നിന്നു എടുത്തു കളയുക!" ശരീരം "ദൈവത്തിന്റെ മന്ദിരം" ആണ് (1 കൊരിന്ത്യർ 3:16, 17; 6:19); മന്ദിരത്തെ നശിപ്പിക്കുന്ന എന്തും നാം ഒഴിവാക്കണം.

എങ്ങനെയായാലും, ഉപദ്രവ കരമായതു ഭക്ഷിക്കുന്നതിനെ കുറിച്ചല്ല യേശു പറഞ്ഞത്; അവന്റെ വിചാരം യെഹൂദന്മാർ "അശുദ്ധമെന്നു" പറഞ്ഞ ആഹാരപദാർത്ഥങ്ങൾ, കഴിക്കുന്നതിനെ കുറിച്ചായിരുന്നു.

അവൻ തന്റെ വിശദീകരണം തുടർന്നു:

> മനുഷ്യനിൽനിന്നു പുറപ്പെടുന്നതത്രേ, മനുഷ്യനെ അശുദ്ധനാ ക്കുന്നത്. അകത്തുനിന്നു, മനുഷ്യരുടെ ഹൃദയത്തിൽനിന്നു തന്നേ ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കുലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തുനിന്നു പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു (മർക്കൊസ് 7:20–23).

### അന്നു പ്രശ്നം ഹൃദയത്തിന്റേതായിരുന്നു

മുൻ പറഞ്ഞ "മോശമായ കാര്യങ്ങളെ" കുറിച്ച് വളരെ പറയുവാൻ കഴിയും, എന്നാൽ "ഹൃദയം" എന്ന വാക്കിലാണ് ഞാൻ ശ്രദ്ധിക്കുവാൻ പോകുന്നതു. ഈ സംഭവത്തിലുടനീളം, പരീശന്മാരുടെ പ്രാഥമിക പ്രശ്നം *ഹൃദയത്തിന്റെ* പ്രശ്നമാണെന്നു യേശു ഊന്നി പറഞ്ഞിരിക്കുന്നു. മുൻപ്, അവൻ ഇതുപോലെയുള്ള പ്രസ്താവന നടത്തി യതിന്റെ കാരണം അവർ ദൈവത്തെ ആരാധിച്ചിരുന്നതു *ഹൃദയം* കൊണ്ടായിരുന്നില്ല (മത്തായി 15:8; മർക്കൊസ് 7:6). ഇവിടെ, വാസ്തവത്തിൽ, അവൻ പറഞ്ഞത്, അവരുടെ ശ്രദ്ധ പുറമെയുള്ളതിലായിരുന്നു എന്നും, പുറത്തുനിന്നു മനുഷ്യന്റെ ഉള്ളിലേക്ക് പോകു ന്നതിൽ, അവർ അപ്പോൾ ശ്രദ്ധിക്കേണ്ടിയിരുന്നതു അകത്തുള്ളതാ യിരുന്നു – നന്മയുടേയും തിന്മയുടേയും ഉറവിടമായ, *ഹൃദയം.*

ഒരു പാരമ്പര്യം മോശമാണോ അല്ലയോ എന്നറിയുന്നതിനുള്ള മൂന്നാമത്തെ മാർഗത്തെ ഇതു നൽകുന്നു: *അനാവശ്യ പ്രാധാന്യം കൊടുക്കുമ്പോൾ ഒരു സമ്പ്രദായം മോശമാകുന്നു* – അതിനു ആത്മിയ ഊന്നൽ കൊടുക്കുന്ന വിധത്തിൽ വളച്ചൊടിക്കുമ്പോൾ അല്ലെങ്കിൽ ദൈവകല്പന അനുസരിക്കുന്നതിനു തടസമാകുമ്പോൾ അതു മോശമായി തീരുന്നു. പരീശന്മാർ തങ്ങളുടെ സമ്പ്രദായങ്ങളെ മുറുകെ പിടിക്കുന്നതു ദൈവകല്പനകളെ അവർ *ഉപേക്ഷിക്കുന്ന*തിനു കാരണമായി തീർന്നു എന്നാണ് ക്രിസ്തു പറഞ്ഞത് (മർക്കൊസ് 7:8).

### ഹൃദയ പ്രശ്നം ഇന്നുമുണ്ടോ?

മുൻപു പറഞ്ഞതുപോലെ, പാരമ്പര്യങ്ങൾക്ക് അനാവശ്യ പ്രാധാന്യം കൊടുക്കുന്നത് പാരമ്പര്യം മോശമാണോ എന്നു നിർണ്ണയിക്കുന്ന മറ്റു മാർഗങ്ങളേക്കാൾ മൃദുത്വമുള്ളതായി തീരുന്നു. പരിശോധന ലക്ഷ്യത്തിലുപരി വ്യക്തിപരമാകുന്നു; എങ്കിലും, പരിശോധന പ്രാധാന്യമുള്ളതാണ്. മറ്റു രണ്ടു മാർഗങ്ങളെ അപേക്ഷിച്ച് മൂന്നാ മത്തേത്, കൂടുതൽ അല്ലെങ്കിൽ വളരെപേരെ, കുടുക്കിലകപ്പെടുത്തുന്ന അപകടമുള്ളതാണ്. നിങ്ങളും ഞാനും ഒരുപക്ഷെ ദൈവകല്പനക്കു പകരം സമ്പ്രദായം എടുത്തിരിക്കയില്ല. നമ്മുടെ പാരമ്പര്യം എടുക്കാ ത്തവരെ നാം കുറ്റപ്പെടുത്തുന്നില്ലായിരിക്കാം. ചിലപ്പോൾ, എങ്ങനെ യായാലും, ആളുകൾ ദൈവവചനം അനുസരിക്കാതിരിക്കുന്നതിനേക്കാൾ നമ്മുടെ പൈതൃകത്തെ ആളുകൾ ഗണ്യമാക്കാതിരിക്കുമ്പോൾ നാം

അസഹിഷ്ണുത പ്രകടിപ്പിക്കുവാൻ സാധ്യതയുണ്ട്.

"അതുപോലെയുള്ള ആളുകളെ എനിക്ക് അറിയാം" എന്നാണോ, നിങ്ങൾ തലയാട്ടി ചിന്തിക്കുന്നത്? ഒരു മുന്നറിയിപ്പു വാക്ക്: ഇതു *മറ്റുള്ളവർ*ക്കു പ്രായോഗികമാക്കേണ്ട തത്വമല്ല. *സ്വയം* പ്രയോഗിക്കേണ്ട തത്വമാണിത്. മറ്റൊരാളുടെ ഹൃദയത്തിലെന്താണെന്ന് എനിക്ക് അറിയു വാൻ സാധ്യമല്ല. ഒരാൾക്ക് അയാളുടെ പാരമ്പര്യം പ്രാധാന്യമുള്ളതായി ഞാൻ *വിചാരി*ച്ചേക്കാം, എന്നാൽ എനിക്ക് അത് *അറിയുവാൻ* കഴിയുകയില്ല. രണ്ടു വ്യക്തികൾ, ഒരേ സമ്പ്രദായം രണ്ടു വ്യത്യസ്ത കാഴ്ചപ്പാടിൽ ആചരിച്ചേക്കാം. ആ കാര്യത്തിൽ മറ്റുള്ളവരെ വിധിക്കുന്ന കുറ്റം നമ്മിൽ വരാതെ നോക്കണം (മത്തായി 7:1, 2; റോമർ 2:1); നമുക്ക് ഓരോരുത്തർക്കും നമ്മെത്തന്നെ വിധിക്കാം.

**ഉപസംഹാരം**

പാരമ്പര്യത്തെ കുറിച്ചുള്ള യേശുവിന്റെ ഉപദേശത്തെ സംബന്ധിച്ച ചർച്ച നാം അവസാനിപ്പിക്കുമ്പോൾ, ദൈവശ്വാസിയമല്ലാത്ത ഒരു പദപ്രയോഗം ഓർമ്മയിൽ വരുന്നു: "വിശ്വാസകാര്യത്തിൽ, ഐക്യത; അഭിപ്രായകാര്യത്തിൽ, സ്വാതന്ത്ര്യം; എല്ലാ കാര്യത്തിലും, അനുകമ്പ (സ്നേഹം)." ഈ വാചകത്തിലെ മൂന്നു ഭാഗങ്ങൾ മതപരമായി നാം ഉപദേശിക്കുന്നതും ചെയ്യുന്നതുമായ കാര്യങ്ങളെ കുറിച്ചു മൂന്നു ചോദ്യ ങ്ങൾ ചോദിക്കുമാറാക്കുന്നു.

*"വിശ്വാസ കാര്യത്തിൽ, ഐക്യത."* അവന്റെ വചനത്തിൽ ദൈവം പറഞ്ഞിരിക്കുന്നതായിരിക്കണം "വിശ്വാസ കാര്യം" (റോമർ 10:17). അത്തരം കാര്യങ്ങളിൽ, നാം യോജിക്കണം (1 കൊരിന്ത്യർ 1:10). അതു നമ്മെ ആദ്യം ചോദിക്കേണ്ട ചോദ്യത്തിലേക്ക് കൊണ്ടുവരുന്നു: *"ഞാൻ ചെയ്യുന്നതിനും ഉപദേശിക്കുന്നതിനും എനിക്ക് ബൈബിൾ അധികാര മുണ്ടോ?"* ഏതൊരു പരിശീലനത്തിന്റെയും പ്രധാനപ്പെട്ട ചോദ്യം "അതു എത്ര കാലമായി ചെയ്യുവാൻ തുടങ്ങിയിട്ട്?" എന്നതല്ല എന്നാൽ ഇതാണ് ചോദ്യം "അതു ആരംഭിച്ചത് എവിടെനിന്ന്?"

*"അഭിപ്രായ കാര്യത്തിൽ, സ്വാതന്ത്ര്യം."* ദൈവം തന്റെ വചനത്തിൽ പറഞ്ഞിട്ടില്ലാത്തതിനെ സംബന്ധിച്ചുള്ളതാണ് "അഭിപ്രായകാര്യം." അതിൽ വ്യക്തിപരമായ തീരുമാനം ഉൾപ്പെടുന്നു. അത്തരം കാര്യങ്ങളിൽ, നാം മറ്റുള്ളവരിൽ നമ്മുടെ അഭിപ്രായങ്ങൾ അടിച്ചേല്പിക്കുവാൻ പാടില്ല. സൂക്ഷിക്കേണ്ട വാക്കാണ് ''സ്വാതന്ത്ര്യം.''[16] ഇതു നമ്മെ നിര ന്തര-ഹൃദയപരിശോധനക്ക് ആഹ്വാനം ചെയ്യുന്നു: "*സമയത്തെ വിവേചിച്ച്, ഒരു കല്പനയുടെ പ്രാധാന്യം എന്റെ മനസിൽ നിലനിർത്തിക്കൊണ്ടു തന്നെ, അതു നടപ്പാക്കുവാൻ സൗകര്യപ്രദമാണോ?"*

*"എല്ലാ കാര്യത്തിലും, അനുകമ്പ [അല്ലെങ്കിൽ സ്നേഹം]."* അഭിപ്രായ കാര്യത്തിൽ സഹക്രിസ്ത്യാനികൾ വിയോജിപ്പ് പ്രകടിപ്പിച്ചാലും, നാം അവരെ സ്നേഹിക്കണം (യോഹന്നാൻ 13:35; റോമർ 12:10). ഈ നിസാര തത്വം അവഗണിക്കപ്പെട്ടതുകൊണ്ട് സഹോദരങ്ങൾ അകന്നു പോകയും ഇടവകകൾ ഭിന്നിക്കുകയുമുണ്ടായിട്ടുണ്ട്. ഓരോരുത്തരും ഈ ചോദ്യം ചോദിക്കേണ്ടതായിട്ടുണ്ട്: *''തിരുവചനത്തിൽ കെട്ടപ്പെടാതിരിക്കയും തിരുവെഴുത്ത് ലംഘിക്കപ്പെടാതിരിക്കയും ചെയ്യുന്ന കാര്യ ങ്ങളിൽ എനിക്ക്*

*ക്രിസ്തുവിന്റെ മനോഭാവമാണോ ഉള്ളത്?''* ''ഞങ്ങൾ എല്ലായ്പോഴും ചെയ്തിട്ടുള്ളത് അങ്ങനെയാണ്'' അതുകൊണ്ട് അങ്ങനെ തന്നെ ചെയ്യണമെന്നു ശഠിക്കുന്നത് വിഡ്ഢിത്തമാണ്. വ്യത്യാസത്തിനു[17] വേണ്ടി മാത്രം മറ്റൊരു വിധത്തിൽ എന്തെങ്കിലും ചെയ്യുവാൻ ശഠിക്കുന്നതും വിഡ്ഢിത്തമാണ്. അഭിപ്രായകാര്യത്തിൽ വിയോജിപ്പ് ഉണ്ടാകുമ്പോൾ, സ്നേഹം, പരിഗണന, ബോധം എന്നിവ അന്നു പ്രയോഗത്തിൽ വരുത്തണം.

സമ്പ്രദായങ്ങൾ എന്ന വിഷയം കുഴപ്പം പിടിച്ചതാണ്. അടിസ്ഥാന തത്വങ്ങൾ പറയുവാൻ എളുപ്പമാണ്, പ്രവർത്തിക്കുവാനാണ് പ്രയാസം. അതിനർത്ഥം ആ വിഷയം അപ്രധാനമാണെന്നല്ല അല്ലെങ്കിൽ മത്തായി 15–ലും മർക്കൊസ് 7–ലും യേശു പഠിപ്പിച്ച തത്വം മനസ്സിലാക്കുവാനും അനുസരിക്കുവാനും ശ്രമിക്കേണ്ടതില്ല എന്നുമല്ല. മറിച്ച്, അതിനർത്ഥം നമുക്ക് ആർക്കും അതിനുള്ള എല്ലാ ഉത്തരവും ഉണ്ടെന്ന് പറയുവാൻ ധൈര്യം കാണിക്കരുത് എന്നാണ്. അതായത് ഒരോ "പ്രശ്നം" വരു മ്പോഴും, നാം അതിനെ കുറിച്ചു കൂടുതൽ പഠിക്കുവാൻ, വീണ്ടും–വീണ്ടും പഠിക്കുവാൻ തയ്യാറായിരിക്കണം എന്നാണ്. അതായതു നാം അന്യോന്യം ക്ഷമയുള്ളവരായിരിക്കണം എന്നർത്ഥം (എഫെസ്യർ 4:2).

സമ്പ്രദായങ്ങൾ എന്ന വിഷയത്തെപോലെ എല്ലാ വിഷയങ്ങളും പ്രയാസമുള്ളതല്ലായ്കയാൽ ഞാൻ ദൈവത്തോട് നന്ദിയുള്ളവനാണ്. ഉദാഹണത്തിനു, പാപത്തിൽനിന്നുള്ള മോചനമായ രക്ഷ എന്ന വിഷ യത്തെ കുറിച്ച്, ചിന്തിക്കുക. കർത്താവ് അതു വളരെ വ്യക്തമാക്കിയിരിക്കുന്നതു അതിശയകരമല്ലേ? യേശു നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും ചെയ്തു (യോഹന്നാൻ 3:16; 1 കൊരിന്ത്യർ 15:1–3), ഇനി നാം അതിനു പ്രതികരണമായി സ്നേഹത്തോടെ അനുസരിക്കണം (യോഹന്നാൻ 3:16; മർക്കൊസ് 16:16; പ്രവൃത്തികൾ 22:16). സമ്പ്രദായങ്ങളെ കുറിച്ചുള്ള എല്ലാ ഉത്തരവും നമുക്ക് അറിയില്ലായിരിക്കാം, എന്നാൽ ഏറ്റവും മുഖ്യ*മായ* ചോദ്യത്തി*നുള്ള* ഉത്തരം നമുക്ക് അറിയാം: "രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യണം?" (വായിക്കുക പ്രവൃത്തികൾ 2:37, 38; 8:36–38; 16:30–33.) നിങ്ങളുടെ ആയുഷ്ക്കാലം മുഴുവൻ ഒരുപക്ഷെ സമ്പ്രദായങ്ങളെ കുറിച്ചുള്ള പ്രശ്നങ്ങളുമായി മല്ലിട്ടേക്കാം, എന്നാൽ അവന്റെ ഇഷ്ടം അനുസരിക്കുവാൻ നിങ്ങൾ താമസിക്കരുത്. നിങ്ങൾ കർത്താവിനെ അനുസരിക്കുവാൻ തയ്യാറാകുന്നു എങ്കിൽ, ഇപ്പോൾ തന്നെ അനുസരിക്കുക!

---

കുറിപ്പുകൾ

[1]നിങ്ങൾക്ക് വേണമെങ്കിൽ കഴിഞ്ഞ പ്രസംഗത്തിലേക്കു പോയി "ഒരു സമ്പ്രദായം മോശമാകുമ്പോൾ,'' എന്ന രണ്ടാം ഭാഗം അവലോകനം ചെയ്യാം. [2]കഴിഞ്ഞ പ്രസംഗത്തിലെപോലെ, "സമ്പ്രദായം" എന്ന വാക്ക് ഈ പ്രസംഗത്തിൽ മുഖ്യ തലക്കെട്ടിൽ വന്നിരിക്കുന്നതിന്റെ അർത്ഥം മനുഷ്യരുടെ സമ്പ്രദായ ങ്ങൾ എന്നാണ്. [3]ഇംഗ്ലീഷ് വാക്ക് "വെയിൻ" എന്നതിനു "പ്രൗഡ്" എന്നും അർത്ഥമുണ്ട്. ആ വാക്കിന്റെ ബൈബിളിലെ സാധാരണ അർത്ഥം "പൊള്ളയായ, ഉപയോഗമില്ലാത്ത, വിലയില്ലാത്ത" എന്നാണ്. (ആ വാക്ക് വ്യത്യസ്ത രൂപത്തിൽ സഭാപ്രസംഗി 1:14–ൽ ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധിക്കുക.) [4]എന്റെ പ്രദേശത്തു നടപ്പുള്ള കാര്യങ്ങൾ ഉപയോഗിച്ചുകൊണ്ടു മാത്രമേ എനിക്ക് ഇതു

ചിത്രീകരിക്കുവാൻ കഴിയൂ. നിങ്ങൾക്ക്, തീർച്ച യായും, നിങ്ങളുടെ പ്രദേശത്തിന് കൂടുതൽ പ്രാവർത്തികമായ കാര്യ ങ്ങൾ ഉപയോഗിച്ച് ചിത്രീകരിക്കാം. [5]ഞാൻ പകരം പറഞ്ഞതായ ഏർപ്പാടുകൾ തിരുവെഴുത്തിലില്ലാത്ത*തല്ല* എന്നും, ഞാൻ ചോദിച്ച ചോദ്യങ്ങൾക്കുള്ള ''അല്ല'' എന്ന ഉത്തരവും എന്റെ ശ്രോതാക്കൾക്ക് മനസിലായിക്കാണും എന്നു ഞാൻ വിചാരിക്കുന്നു. [6]ബ്രിട്ടീഷ് പശ്ചാത്തലമുള്ള ഇടവകകളിൽ ഇത്തരം ആരാധന ആയിരിക്കും ഞായറാഴ്ച്ച രാവിലെ ഉണ്ടായിരിക്കുക. [7]ഞായറാഴ്ച്ച വൈകുന്നേരം വീടുകളിൽ ആരാധന നടത്തുന്നതിന്റെ *ഔചിത്യം* ചിലർ ചോദ്യം ചെയ്തേക്കാം, എന്നാൽ അതു വ്യക്തിപരമായ ചോദ്യ മാണ്, അല്ലാതെ വചനപ്രകാരമല്ല. [8]ഈ ചർച്ചയിലെ ഒരു വസ്തുത എന്തെന്നാൽ തങ്ങൾ നയിക്കുന്ന ഇടവക യിലെ മൂപ്പന്മാർക്കാണ് ഉത്തരവാദിത്വം. ആ ഉത്തരവാദിത്വം പൂർത്തീകരിക്കുന്നതിൽ, ആ ഇടവകയെ ബാധിക്കുന്ന കാര്യങ്ങൾക്ക് അവർ തീരുമാനം എടുക്കണം. എങ്ങനെയായാലും, അവരുടെ തീരുമാനങ്ങൾ മറ്റു ഇടവകകൾ അനുസരി ക്കേണ്ടതല്ല, എന്ന് അവർ തിരിച്ചറിയണം. (അതാണ് പ്രാദേശിക സ്വയം ഭരണ തത്വം.) വിശ്വാസ കാര്യങ്ങളും അഭിപ്രായകാര്യങ്ങളും തമ്മിലുള്ള വ്യത്യാസം വരുത്തണം എന്നു ഞാൻ, ഒരിക്കൽ കൂടെ പറയട്ടെ. [9]ധർമ്മശേഖരം കർത്തൃമേശക്ക് ശേഷം എടുക്കാമെങ്കിലും, ആളുകൾ മനസ്സിലാക്കേണ്ടത് ധർമ്മശേഖരം കർതൃമേശയുടെ ഭാഗം അല്ല, എന്നതാണ് ഇതിനെ കുറിച്ചു അവൻ പറഞ്ഞത്. [10]അവൾ പ്രതീക്ഷിച്ച സമയത്ത് നടത്താതിരുന്നതുകൊണ്ട് "ആരാധനയുടെ ഒരു പ്രവൃത്തി" (ധർമ്മശേഖരം) അവർ നീക്കി കളഞ്ഞതായും അവൾ വിചാരി ച്ചുകാണും.

[11]ഉല്പത്തി പുസ്തകത്തിലെ ആദ്യ അദ്ധ്യായങ്ങൾ നോക്കിയാൽ ആരംഭ ത്തിൽ തുടങ്ങിയതാണ് ദൈവത്തിന്റെ "കുടുംബ പാരമ്പര്യ" രീതികൾ എന്നു കാണാം. ദൈവവചനത്തിൽ നിന്നു മാറി ജീവിക്കുന്നവരാലും (ഉദാഹരണത്തിന് വിവാഹത്തിൽ കൂടെ "ഒരുമിച്ച് ജീവിക്കുന്ന" രീതി) "സ്വ-വർഗ വിവാഹം" പ്രോത്സാഹിപ്പിക്കുന്നവരാലും "കുടുംബ പാരമ്പര്യത്തിന്" ഭീഷണി നേരിടുന്നുണ്ട്. [12]ആ സദസിൽ മാതാപിതാക്കളോടൊപ്പം കുട്ടികളുമുണ്ടായിരുന്നു എങ്കിൽ, പല അമ്മമാരും കുട്ടികളോട് ആഹാരം കഴിക്കുന്നതിനു മുൻപ് കൈ കഴുകുവാൻ നിർബ്ബന്ധിക്കുന്നതുമായി യേശുവിന്റെ വാക്കുകൾക്ക് ബന്ധമില്ല എന്നു പറയേണ്ടതാണ്. അമ്മമാർ തങ്ങളുടെ കുട്ടികളുടെ ശുദ്ധിയെക്കുറിച്ചാണ് വിചാര പ്പെടുന്നത്. യേശു സംസാരിച്ചത് ചടങ്ങുകളെ കുറിച്ചായിരുന്നു. [13]മർക്കൊസിന്റെ വാക്കുകൾ അതല്ല അർത്ഥമാക്കിയത്, ആ സമയത്ത്, അങ്ങനെ ആയിരുന്നു എന്ന് ശിഷ്യന്മാർ മനസിലാക്കിയിരുന്നു. മുപ്പതോ അതിലധികമോ വർഷങ്ങൾക്ക് ശേഷമാണ് മർക്കൊസ് എഴുതിയത്. പിന്നിലേക്ക് നോക്കിയപ്പോൾ, ആ ദൈവശ്വാസിയ എഴുത്തുകാർക്കു ക്രിസ്തു പറഞ്ഞ സത്യം ഒഴിച്ചു മാറ്റാനാവാത്തതാണെന്ന് മനസിലായി. [14]പ്രവൃത്തികൾ 10-ലെ സംഭവം മനസ്സിലാക്കുന്നതുവരെ മർക്കൊസ് 7:14, 15-ലെ ആശയം മനസിലാക്കുന്നതിൽ പത്രൊസിനു വിഷമം നേരിട്ടിരുന്നു. [15]ആർ. സി. ഫോസ്റ്റർ, *സ്റ്റഡീസ് ഇൻ ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1971), 669. [16]നമ്മുടെ സ്വാതന്ത്ര്യം സഭയെയോ മറ്റു ക്രിസ്ത്യാനികളെയോ വ്യണ പ്പെടുത്തരുതെന്നു ബൈബിൾ നമ്മെ പഠിപ്പിക്കുന്നു (നോക്കുക 1 കൊരിന്ത്യർ 8:9), എന്നാൽ സ്വാതന്ത്ര്യത്തെ കുറിച്ച് ആഴ-മേറിയ പഠനം ഈ അവതരണത്തിൽ ഒതുങ്ങുകയില്ല. [17]കഴിയുന്നതും മറ്റുള്ളവരിൽനിന്നു എല്ലാ കാര്യത്തിലും വ്യത്യസ്തത പുലർ ത്തുവാൻ ചില വ്യക്തികളും സഭകളും തീരുമാനിച്ചിരിക്കുന്നു – അതു അവരുടെ വഴി നല്ലതാണെന്നതിനു വ്യക്തമായ തെളിവുണ്ടായതു കൊണ്ടല്ല, പിന്നെയോ "പാരമ്പര്യസഭ" എന്ന അവർക്കുള്ള ധാരണയെ അവർ എതിർക്കുന്നതുകൊണ്ടാണ്. ഇതു ആത്മീയ "യുവത്വ സ്വഭാവമാണ്." വ്യത്യസ്തരാകുവാൻ വേണ്ടി വ്യത്യാസം വരുത്തുന്നതിൽ അർത്ഥമില്ല.